കേരള കൗമുദി
SINCE 1911
FOUNDER EDITOR: K. SUKUMARAN B.A
111 വർഷങ്ങൾ
4 തലമുറകൾ

MES College Ponnani

റോഡ് സുരക്ഷാ സെമിനാർ

ഉത്ഘാടനം:

പി. നന്ദകുമാർ എം. എൽ. എ.

അധ്യക്ഷൻ:

ഡോ. അമീറ .വി .യു
പ്രിൻസിപ്പൽ , MES കോളേജ് പൊന്നാനി

മുഖ്യാഥിതി:

ശങ്കരപിള്ള
ജോയിന്റ് ആർ. ടി. ഒ

ക്ലാസ്സ്

മുഹമ്മദ് അഷ്റഫ് സൂർപ്പിൽ
എ. എം. വി. ഐ

സ്ഥലം:
MES Ponnani College
സമയം: 10 AM



ഷമീറിന്റെ ജീവിതം കാരുണ്യമായി മാറുമ്പോൾ...

അനുഭവങ്ങളുടെ നല്ല പാഠം പഠിച്ചവർക്ക് കൂടുതൽ ആത്മാർത്ഥമായി സേവന രംഗത്ത് ഉയരാൻ കഴിയും. പുതിയ തലമുറയ്ക്ക് മേൽ നിരവധി വിമർശനങ്ങൾ കെട്ടിവെക്കുമ്പോഴും ജീവകാരുണ്യ വഴിയിൽ ഏറ്റവും കൂടുതൽ നിസ്വാർത്ഥ സേവനം നടത്തുന്നത് ചെറുപ്പക്കാരായ ആളുകളാണെന്നതിൽ സംശയമില്ല.

ജീവകാരുണ്യ രംഗത്തേക്കിറങ്ങി നിരവധിയാളുകളുടെ കഷ്ടതകളെ കണ്ടറിഞ്ഞ് അവർക്ക് തണലായി മാറാൻ കഴിഞ്ഞ സന്തോഷത്തിലാണ് തൃക്കാവ് സ്വദേശിയും പ്രവാസിയുമായ ഷമീർ ചെമ്പയിൽ. തന്റെ പിതാവിന്റെ സ്മരണാർത്ഥമാണ് ജീവകാരുണ്യ പ്രവർത്തന രംഗത്തേക്ക് ഷമീർ ചെമ്പയിൽ പൂർണ ആത്മവിശ്വാസത്തോടെ ഇറങ്ങിതിരിച്ചത്. ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് നോക്കുമ്പോൾ താൻ തീർത്ത സേവന വഴികളിൽ പൂർണ സന്തുഷ്ടനാണ്. കൊവിഡ് കാലത്ത് നിരവധിയാളുകൾ പ്രതിസന്ധിയിൽ അകപ്പെട്ടപ്പോൾ ഷമീർ തുണയായി എത്തിയിരുന്നു. ശമ്പളം മുടങ്ങിയ മദ്രസ അദ്ധ്യാപകർക്കും അവരുടെ കുടുംബത്തിനും തണലായി മാറി.1500 പേരെയാണ് കൊവിഡ് കാലത്ത് കിറ്റുകൾ നൽകി സഹായിച്ചത്. പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹ ചിലവിലേക്ക് 10 ലക്ഷം രൂപയും ഷമീർ സഹായമായി നൽകിയിരുന്നു. പാവപ്പെട്ട 400ഓളം കുടുംബങ്ങൾക്ക് മാസം തോറും രണ്ട് ലക്ഷം രൂപ വീതം നൽകിവരുന്നുണ്ട്. പാവങ്ങളെ സഹായിക്കാൻ മതവും രാഷ്ട്രീയവും നോക്കേണ്ടതില്ലെന്ന കാഴ്ചപ്പാടിനെ പൂർണാർത്ഥത്തിൽ സ്വീകരിച്ചുള്ള പ്രയാണത്തിലാണ്ഈ നല്ല മനസ്സിനുടമ. പൊന്നാനി, വെളിയംങ്കോട്, പാലപ്പെട്ടി തീരപ്രദേശങ്ങളിലുള്ള പാവപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ നൽകിയിരുന്നു. 20 യുവതികൾക്ക് 50,000 രൂപ ധനസഹായവും നൽകി. ഷമീറിന്റെ പ്രവർത്തനങ്ങളുടെ മാധുര്യം കൊണ്ട് നിരവധി തവണ മാദ്ധ്യമങ്ങളിലും വാർത്തയായും ഷമീർ ഇടംപിടിച്ചിട്ടുണ്ട്.

പിതാവിന്റെ ഓർമകളിൽ...

പിതാവ് ഡോ.അബ്ദുറഹ്മാൻ കുട്ടിയുടെ സ്മരണാർത്ഥമാണ് ജീവകാരുണ്യ രംഗത്തേക്കിറങ്ങിയത്. ഓരോ ദൗത്യം ഏറ്റെടുക്കുമ്പോഴും പിതാവിനെ കുറിച്ചോർക്കും. യാഥാർത്ഥ്യ വഴികളെ അന്വേഷിച്ച് കണ്ടെത്താനുള്ള ഊർജവും ശേഷിയും ഉത്ഭവിക്കുന്ന പ്രധാനപ്പെട്ട ചിന്തകളിൽ ഒന്നാണ് ഷമീറിന് തന്റെ പിതാവ്. സമൂഹത്തിൽ ജീവകാരുണ്യ പ്രവർത്തന രംഗത്ത് ചെറുതും വലുതുമായ സേവനങ്ങൾ നടത്തുന്ന നിരവധിയാളുകളുണ്ട്. മിക്കയാളുകളും ജീവിതത്തിന്റെ അനുഭവങ്ങളിൽ നിന്നാണ് പ്രവർത്തനരംഗത്തേക്ക്ഇറങ്ങുന്നത്. അനുഭവങ്ങളുടെ നല്ല പാഠം പഠിച്ചവർക്ക് കൂടുതൽ ആത്മാർത്ഥമായി സേവന രംഗത്ത് ഉയരാൻ കഴിയും. പുതിയ തലമുറയ്ക്ക് മേൽ നിരവധി വിമർശനങ്ങൾ കെട്ടിവെക്കുമ്പോഴും ജീവകാരുണ്യ വഴിയിൽ ഏറ്റവും കൂടുതൽ നിസ്വാർത്ഥ സേവനം നടത്തുന്നത് ചെറുപ്പക്കാരായ ആളുകളാണെന്നതിൽ സംശയമില്ല. നല്ല നാളേക്ക് വേണ്ടി നന്മയുള്ളവർ ഒരുമിച്ച്ചേരുമ്പോൾ സേവനലോകത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നത് തീർച്ചയാണ്.

ബിസിനസ് വഴിയിൽ ഇലക്ട്രിക് തരംഗം

E-Spot

തന്റെ സ്വപ്നത്തിന്റെ പിന്നാലെ രണ്ടും കൽപ്പിച്ച് പോയ പോക്കാണ് ഇന്ന് വിജയിയായ സംരംഭകൻ എന്ന നിലയിൽ പൊന്നാനി സ്വദേശി മുഹമ്മദ് ഷബീബിനെ(24) അടയാളപ്പെടുത്തുന്നത്. പഠനി മുഹമ്മദ് ഷബീബിനെ ബന്ധപ്പെട്ട് തങ്ങളുടെ ഇലക്ട്രിക് സ്കൂട്ടറിന്റെ ഷോറൂം ഉടങ്ങാൻ താത്പര്യമുണ്ടോ എന്ന് ചോദിച്ചു. താത്പര്യമുണ്ടായിരുന്നെങ്കിലും കൈയിൽ പണമുണ്ടായിരുന്നില്ല. സുഹൃത്തുക്കളുമായി സംസാരിച്ച് ചെറിയൊരു മുതൽ

മുഹമ്മദ് ഷബീബ്
(സി.ഇ.ഒ, ഇസ്പോട്ട്)

അജ്സൽ .യു
(സി.എഫ്.ഒ, ഇസ്പോട്ട്)

ഫാസിർ .എം
(സി.ഒ.ഒ, ഇസ്പോട്ട്)

കൊല്ലത്തിനുള്ളിൽ തന്നെ മുഹമ്മദ് ഷബീബിനായി. ആദ്യമായി ഇലക്ട്രിക്കൽ സ്കൂട്ടറുകൾക്ക് സർവീസ് സെന്റർ ആരംഭിച്ചത് ഇ- സ്പോട്ട് ആണ്. പുത്തനത്താണിയിലും ചങ്ങരംകുളത്തും ഇപ്പോൾ ഷോറൂമുണ്ട്. കൂടാതെ കുട്ടികൾക്ക് ഇലക്ട്രിക്കൽ വണ്ടികളെ കുറിച്ചും സർവീസിനെ കുറിച്ചും ക്ളാസെടുക്കുന്നുണ്ട്. ഒപ്പം 500ഓളം സംതൃപ്തരായ കസ്റ്റമേഴ്സും ഞങ്ങൾക്കുണ്ട്. സ്കൂട്ടർ ഷോറും വിജയമായതോടെ പുതിയ മേഖലകളിലേക്ക് കൂടി കാലെടുത്തു വയ്ക്കുകയാണ്ഷബീബ്. 2023ൽ വിഷൻ പവർസൈൻ എന്ന പേരിൽ കമ്പനി ആരംഭിക്കുകയാണ് ലക്ഷ്യം. ബി.എൽ.ഡി.സി മോട്ടോർ ടെക്നോളജി ഇന്ന് വ്യാപകമായിട്ടുണ്ട്. ഈ ടെക്നോളജിയിലൂടെ 84 വാട്ട്സിന്റെ ഫാനിന് 24 വാട്ട്സ് മതിയാവും. സൂപ്പർ എഫിഷ്യന്റ് ആയ ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ഉൾപ്പെടുത്തിയുള്ളതാവും ഇത്തരം ഫാനുകൾ . ഫാനുകൾ മാറ്റിയാൽ തന്നെ കറന്റ് ബിൽ പകുതിയാകുന്ന വിധത്തിൽ മാറ്റങ്ങൾ കൊണ്ട്

ന കാലയളവിൽ തന്നെ ബിസിനസ് മേഖലയായിരുന്നു ഇഷ്ടം. വലിയ പ്രതിസന്ധി ഘട്ടങ്ങളിൽ പോലും ആഗ്രഹം ഉപേക്ഷിക്കാൻ മുഹമ്മദ് ഷബീബ് തയ്യാറായില്ല. ഒടുവിൽ സ്വപ്നമേഖലയിലേക്ക് തന്നെ കടന്ന് കയറിയ മുഹമ്മദ് ഷബീബ് ഇന്ന് പുതിയ മേഖലകളിലേക്ക് കാലെടുത്തു വയ്ക്കുന്നതിന്റെ തിരക്കിലാണ്. ഇ-സ്പോട്ട്ഇലക്ട്രിക് സ്കൂട്ടർ എന്ന സ്ഥാപനത്തിലൂടെയാണ് മുഹമ്മദ് ഷബീബ് ബിസിനസ് മേഖലയിൽ ചുവടുറപ്പിക്കുന്നത്. ബി. എസ്. സി ബയോ കെമിസ്ട്രി പഠനം പൂർത്തിയാക്കിയെങ്കിലും ജോലിയോട് പ്രത്യേക താത്പര്യമുണ്ടായിരുന്നില്ല. പ്ളസ് ടുവിനും ഡിഗ്രിക്കും പഠിക്കുമ്പോൾ തന്നെ ട്യൂഷൻ സെന്ററുകൾ നടത്തിയിരുന്നു. ചിലതിൽ പാർട്ണർഷിപ്പും ഉണ്ടായിരുന്നു. തുടർന്നും ബിസിനസ് ചെയ്യാൻ പദ്ധതികളിട്ടെങ്കിലും ഒന്നും നടന്നില്ല. കൈയിലാണെങ്കിൽ പൈസയുമില്ല. ഈ സമയത്താണ് ഇലക്ട്രിക് സ്കൂട്ടർ എന്ന ആശയം മനസ്സിലുദിക്കുന്നത്. തുടർന്ന് ഇതേക്കുറിച്ച് പഠിച്ചു. പിന്നീട് ഇന്ത്യാമാർട്ടിൽ കയറി ഒരു പരസ്യം നൽകി. ഇതു കണ്ട് നോവ എന്ന കമ്പനി മുടക്കിൽ ഒരു ചെറിയ സ്ഥാപനം തുടങ്ങാൻ തീരുമാനിച്ചു. എന്നാൽ ഫണ്ടിന്റെ കാര്യത്തിൽ തുടർന്നും പ്രശ്നങ്ങളുണ്ടായി. ഒരിക്കൽ ഇതേക്കുറിച്ച് ഉപ്പയോട് സംസാരിച്ചു. തുടർന്ന് അദ്ദേഹവും അദ്ദേഹത്തിന്റെ കുറച്ചു സുഹൃത്തുക്കളും ചേർന്ന് ഫണ്ട് നൽകി. 2021 ലാണ് എടപ്പാൾ ബിയ്യത്ത് ഇ സ്പോട്ട് ഇലക്ട്രിക് സ്കൂട്ടേഴ്സ് എന്ന സ്ഥാപനം തുടങ്ങുന്നത്. ഇലക്ട്രിക് സ്കൂട്ടറുകൾ ക്ക് അത്ര പ്രിയമുള്ള സമയമായിരുന്നില്ല അത്. കാറ്റിൽ പോകുന്ന വണ്ടി എന്നെല്ലാം പറഞ്ഞ് കളിയാക്കിയവരുണ്ട്. പക്ഷേ, പെട്രോൾ വില കുത്തനെ ഉയർന്നതോടെകഥയാകെ മാറി. അതോടെ പലരും ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറാൻ തുടങ്ങി. പ്രകൃതിസൗഹൃദമായ വണ്ടികളെന്നതും തുണയായി. ചെറിയ ഒരു സ്ഥാപനം എന്ന ആശയത്തിൽ നിന്ന് ഏറെ മുന്നേറാൻ ഒരു

വരാനാവും. മൊബൈൽ വഴിയും നിയന്ത്രിക്കാം. ഇത്തരത്തിലുള്ള ഫാനുകളും ലൈറ്റുകളും സാധാരണക്കാരുടെ ഇടയിലെത്തിക്കാനാണ് ലക്ഷ്യമിടുന്നത്. പുതിയ സ്വപ്നങ്ങളുടെ പിറകെയാണ് ഷബീബ്.സ്വപ്നം കാണുന്നതിലൂടെ മാത്രമേ മുന്നോട്ടുപോക്ക് സാദ്ധ്യമാവൂ എന്ന് ഈ യുവാവ് വിശ്വസിക്കുന്നു.
യെഡ്, ലിമാക് എന്നീ ബാറ്ററികമ്പനികളും സർവീസ് പ്രവർത്തനങ്ങൾക്കായി ഇ-സ്പോട്ടിനെ സമീപിച്ചിട്ടുണ്ട്.
സുഹൃത്തുകളായ അജ്സലും ഫാസിറുമാണ് എല്ലാ പ്രവർത്തനങ്ങൾക്കുംഷബീബിന്റെ കൂടെനിന്നത്. ഇ- സ്പോട്ടിന്റെ സി.ഇ.ഒ ആയ ഷബീബിനൊപ്പം സി.ഒ.ഒ ആയി എം.കെ. ഫാസിറും സി.എഫ്.ഒ ആയി അജ്സലും കൂടെയുണ്ട്.